**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 606** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഭവന പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. നജീബ് കാന്തപുരം

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ഭവനരഹിതർക്ക് വീട് ഉറപ്പാക്കുന്നതിനായി മുൻ സർക്കാരിന്റെ പദ്ധതികളിൽ നിന്നും വ്യത്യസ്തമായി ഈ സർക്കാർ വിഭാവനം ചെയ്യുന്ന പുതിയ ഭവന പദ്ധതിയുടെ ഘടനയും നടപ്പ് സാമ്പത്തിക വർഷം ഇതിനായി നീക്കിവെച്ചിട്ടുള്ള തുകയും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങൾക്കായി പുതിയ ഭവനനിർമ്മാണ പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനനുസരിച്ചുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും ആവിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**(ബി)** മുൻകാലങ്ങളിൽ ലൈഫ് മിഷൻ പദ്ധതി വഴിയുള്ള ഭവന നിർമ്മാണം പാതിവഴിയിൽ മുടങ്ങിയ പട്ടികവർഗ്ഗ ഗുണഭോക്താക്കളുടെ കൃത്യമായ കണക്ക് ലഭ്യമാണോ; ഇവ പൂർത്തിയാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** വിവരം ശേഖരിച്ച് വരുന്നു

**(സി)** ആദിവാസി ഊരുകളിലെ തനത് സംസ്കാരം നിലനിർത്തിക്കൊണ്ട് അവരുടെ പങ്കാളിത്തത്തോടെ സുരക്ഷിത ഭവനങ്ങൾ നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

**<u>മറുപടി:</u>** ആദിവാസി ഊരുകളിലെ തനത് സംസ്കാരം നിലനിർത്തിക്കൊണ്ട് അവരുടെ പങ്കാളിത്തത്തോടെ സുരക്ഷിത ഭവനങ്ങൾ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ച് വരുന്നു.

**(ഡി)** എസ്.സി/എസ്.ടി കോർപ്പസ് ഫണ്ടും തദ്ദേശ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടും സംയോജിപ്പിച്ചുകൊണ്ട് ഭവന നിർമ്മാണ പ്രക്രിയ കൂടുതൽ വേഗത്തിലാക്കാൻ സിംഗിൾ വിൻഡോ ക്ലിയറൻസ് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

**<u>മറുപടി:</u>** പ്രസ്തുത വിഷയം പരിശോധിക്കുന്നതാണ്

**സെക്ഷൻ ഓഫീസർ**